"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.സി.എച്ച്.എസ് മണിക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.654/2020/തൊഴില് തീയതി,തിരുവനന്തപുരം, 18/06/2020

പരാമർശം:- 1) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 28.11.2017 ലെ ഇ1-22561/2015/ഡി.ഐ.എം.എസ്, 25.05.2018, 10.07.2018, 09.08.2018, 20.09.2019 തീയതികളിലെ ഡി3-8690/2018/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

2) 12.01.2019 ലെ എഫ്1/238/17/തൊഴിൽ നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് 18.02.2019 തീയതിയായി ഡോ.സി.എച്ച്.എസ്. മണി സമർപ്പിച്ച എതിർവാദ പത്രിക.

4) സ.ഉ (സാധാ) നം.1282/2019/തൊഴിൽ,തീയതി:22.10.2019.

5) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ 26.02.2020 ലെ ഡി3-8690/2018/ഡി.ഐ.എം.എസ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട്.

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഡോ.സി.എച്ച്.എസ്.മണി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ അനസ്തെറ്റിസ്റ്റായി ജോലി ചെയ്തിരുന്ന സമയത്ത് ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയതായി പരാമർശം - 1 ലെ കത്ത് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.സി.എച്ച്.എസ് മണിയ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും അപ്പീലും നിയന്ത്രണവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം 2 പ്രകാരം താഴെ പറയുന്ന കുറ്റങ്ങൾ ഉൾക്കൊള്ളിച്ച് ഡോ.സി.എച്ച്.എസ് മണിയ്ക്ക് കുറ്റപത്രം നൽകുകയുണ്ടായി.

(i) പേരൂർക്കട ആശുപത്രിയിലെ ശസ്ത്രക്രിയ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് അനസ്തെറ്റിസ്റ്റായ ഡോ.സി.എച്ച്.എസ്.മണിയുടെ ജോലിയോടുള്ള വിമുഖത കാരണം ശസ്ത്രക്രിയ നീണ്ടുപോകുകയും

നിവൃത്തിയില്ലാതെ രോഗികൾക്ക് മറ്റ് സ്വകാര്യ ആശുപത്രികളിലേക്കോ എംപാനൽ ആശുപത്രികളിലേക്കോ റഫറൻസ് വാങ്ങി പോകേണ്ടിവന്നിരുന്നു.

(ii) സർജൻമാരും ഗൈനക്കോളജിസ്റ്റുമാരും സർജറി തീയതി നിശ്ചയിച്ച ശേഷം ഡോ.സി.എച്ച്.എസ്.മണിയുടെ നിസ്സഹകരണം നിമിത്തം നിരവധി കേസുകൾ ശസ്ത്രക്രിയക്ക് തൊട്ട തലേദിവസം സ്വകാര്യ ആശുപത്രികളിലേക്ക് റഫർ ചെയ്യേണ്ടതായി വന്നു .

(iii) കൂടുതൽ ശസ്ത്രക്രിയകൾ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ ഡോ.സി.എച്ച്.എസ് മണി അവധിയിൽ പ്രവേശിച്ചതുകൊണ്ട് സർജറികൾ കൃത്യമായി നടത്തുവാൻ കഴിഞ്ഞിരുന്നില്ല .

(iv) ഡോ.സി.എച്ച്.എസ്.മണിയുടെ ജോലിയോടുള്ള വിമുഖതകാരണം രോഗികൾ സ്വകാര്യ ആശുപത്രിയിൽ നിന്നോ എംപാനൽഡ് ആശുപത്രിയിൽ നിന്നോ ശസ്ത്രക്രിയ ചെയ്യേണ്ടി വന്നതിന് ചെലവായ തുക സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിരിക്കുന്നു.

(v) ശ്രീമതി.ഉഷാകുമാരിക്ക് ( ഐ . പി . നം . 480535800) ഹിസ്റ്റക്ടമി , ഹെർണിയ എന്നീ അസുഖങ്ങൾക്ക് ശസ്ത്രക്രിയ നിർദ്ദേശിക്കപ്പെട്ടെങ്കിലും അനസ്തെറ്റിസ്റ്റായ ഡോ.സി.എച്ച്.എസ്.മണിയെ കണ്ട് ചെക്ക് അപ് ചെയ്യുന്നതിന് പല തവണ ആശുപത്രിയിലെത്തിയെങ്കിലും ടി ചെക്ക് അപ നൽകാത്തതിനാൽ ശസ്ത്രക്രിയ നീണ്ടുപോയിരുന്നു. ശസ്ത്രക്രിയ നിശ്ചയിച്ച തലേദിവസം ടിയാളുടെ ശസ്ത്രക്രിയ പേരൂർക്കട ആശുപത്രിയിൽ നടക്കില്ലായെന്ന് പറഞ്ഞതിനെതുടർന്ന് ടിയാളെ എംപാനൽഡ് ആശുപത്രിയിലേക്ക് വിടേണ്ടിവന്നു.

(vi) 21.09.2017 ൽ പേരൂർക്കട ഇ . എസ് . ഐ ആശുപത്രിയിലെത്തി ചികിൽസ നേടിയ ശ്രീമതി.ഗീത.എസ് (ഐ.പി . നം . 4702871197) എന്ന ഐ.പിക്ക് ഹിസ്റ്റക്ടമി ശസ്ത്രക്രിയയ്ക്ക് നിർദ്ദേശിക്കപ്പെട്ടു. എന്നാൽ അനസ്തെറ്റിസ്റ്റായ ഡോ.സി.എച്ച്.എസ്.മണി , ടിയാൾക്ക് ഹൃദയസംബന്ധമായ പ്രശ്നങ്ങളുണ്ടെന്നും വിദഗ്ധ പരിശോധന ആവശ്യമാണെന്നും നിർദ്ദേശിച്ചു. എന്നാൽ ടിയാൾ ആദ്യം സ്വകാര്യ ആശുപത്രിയിലും പിന്നീട് മെഡിക്കൽ കോളേജിലും പരിശോധനകൾ നടത്തിയശേഷം ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഇല്ല എന്ന റിപ്പോർട്ടോടെ തിരികെ പേരൂർക്കട ആശുപത്രിയിൽ എത്തിയപ്പോൾ ഡോ.സി.എച്ച്.എസ് മണിക്കെതിരെ ടിയാൾ 16.11.2017 ൽ നൽകിയ പരാതി പിൻവലിച്ചാൽ ടിയാൾക്ക് അനസ്തേഷ്യ നൽകാമെന്ന് പറയുകയും ടി ഐ.പിയെ സമ്മർദ്ദത്തിലാക്കി പരാതി പിൻവലിപ്പിക്കുകയും ചെയ്തിരുന്നു.

(vii) ശ്രീ.പ്രവീൺ.എസ്.എസ് എന്ന ഐ.പിയുടെ ഭാര്യയുടെ പ്രസവം 03.11.2017 ന് നടത്താൻ നിശ്ചയിച്ചിരുന്നെങ്കിലും അവസാന നിമിഷം അനസ്തെറ്റിസ്റ്റായ ഡോ.സി.എച്ച്.എസ്.മണിയുടെ പിൻമാറൽ മുഖേന ടി പ്രസവം ടി ആശുപത്രിയിൽ നടത്താൻ കഴിയാതെ വരികയും സ്വകാര്യ എംപാനൽഡ് ആശുപത്രിയിലേക്ക് റഫർ ചെയ്യേണ്ടതായും വന്നു.

(viii) ശസ്ത്രക്രിയക്ക് നിശ്ചയിക്കപ്പെടുന്ന രോഗികൾ അനസ്തെറ്റിസ്റ്റായ ഡോ.സി.എച്ച്.എസ്.മണിയെ കാണാൻ വരുന്ന സാഹചര്യത്തിൽ ശസ്ത്രക്രിയക്ക് പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ സൗകര്യകുറവുകളെ പെരുപ്പിച്ച് കാട്ടി രോഗികളെ ഭയപ്പെടുത്തുകയും ടിയാളുകൾ സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നതിന് ഇടവരുത്തുകയും ചെയ്തു.

2) കുറ്റപത്രത്തിന് പരാമർശം-3 പ്രകാരം ഡോ.സി.എച്ച്.എസ് മണി എതിർവാദ പത്രിക

സമർപ്പിക്കുകയുണ്ടായി. കുറ്റപത്രത്തിൽ ആരോപിച്ച കുറ്റങ്ങളെല്ലാം ടി വ്യക്തി നിഷേധിക്കുകയുണ്ടായി. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ജനറൽ അനസ്തേഷ്യ നൽകുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ കുറവുമൂലമാണ് ജനറൽ അനസ്തേഷ്യ നൽകാൻ കഴിയാതിരുന്നതെന്നും രോഗികളുടെ ആ സമയത്തെ ശാരീരിക അവസ്ഥ പരിശോധിച്ചപ്പോൾ അനസ്തേഷ്യ നൽകാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ലെന്നും അനധികൃതമായി അവധികൾ എടുത്തിട്ടില്ലെന്നും ഡോ.സി.എച്ച്.എസ് മണി ബോധിപ്പിച്ചിട്ടുണ്ട്. തന്റെ വാദഗതികൾ സ്പഷ്ടീകരിക്കുന്നതിനാവശ്യമായ തെളിവുകളും ഡോ.സി.എച്ച്.എസ് മണി എതിർവാദ പത്രികയോടൊപ്പം സമർപ്പിച്ചിരുന്നു. കഴിഞ്ഞ 26 വർഷമായി വകുപ്പിൽ ജോലിചെയ്യുന്ന തനിയ്ക്കെതിരെ മറ്റൊരു കുറ്റവും ആരോപിക്കപ്പെട്ടിട്ടില്ലായെന്നും 2013 ലെ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡും ടിയാന് ലഭിച്ചിട്ടുള്ളതായി സൂചിപ്പിച്ചിരുന്നു. തനിക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ വസ്തുതാപരമായി നിലനിൽക്കുന്നതല്ലായെന്നും ആയതിനാൽ കുറ്റവിമുക്തനാക്കി ഉത്തരവാകണമെന്നും ഡോ.സി.എച്ച്.എസ്.മണി അഭ്യർത്ഥിച്ചിരുന്നു.

3) കുറ്റപത്രത്തിന് ഡോ.സി.എച്ച്.എസ് മണി സമർപ്പിച്ച മറുപടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും അപ്പീലും നിയന്ത്രണവും) ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം അന്വേഷണം നടത്തുന്നതിനായി വകുപ്പിലെ ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ഡോ.ആർ.ഇ.ഗ്ലാസ്സിനെ ചുമതലപ്പെടുത്തി പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ അന്വേഷണം നടത്തിയ ശേഷമുള്ള അന്വേഷണ റിപ്പോർട്ട് പരാമർശം - 5 ലെ കത്ത് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

4) ഡോ.സി.എച്ച്.എസ് മണി 2013 ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നിന്നും സർക്കാരിന്റെ ബെസ്റ്റ് ഡോക്ടർ അവാർഡ് നേടിയ വ്യക്തിയാണ് എന്നും ടിയാനെതിരെ ഉയർന്ന നിലവിലെ ആരോപണങ്ങൾ ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ ഉയർന്നതാണ് എന്നും ടി ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നും ഡോ.സി.എച്ച്.എസ് മണി അന്വേഷണ സമത്ത് ആരോപിച്ചിരുന്നു എന്നും അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഡോ.സി.എച്ച്.എസ് മണിയ്ക്കെതിരായി ഉയർന്ന് വന്നിട്ടുള്ള ആരോപണങ്ങൾ ഒന്നും തന്നെ വസ്തുനിഷ്ഠമായി തെളിയിക്കാൻ സാധിച്ചില്ല എന്നും പലതും അന്വേഷണത്തിൽ ടിയാന്റെ ഭാഗം ന്യായീകരിക്കത്തക്ക വിധം തെളിവ് ലഭിച്ചിട്ടുള്ളതാണ് എന്നും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ അനസ്തേഷ്യ സൗകര്യത്തിലെ പിഴവാണ് ടി ആരോപണങ്ങളിൽ ആറാം നമ്പരായത് ഒഴികെയുള്ള ആരോപണങ്ങളുടെ അടിസ്ഥാന എന്നും പരാമർശം - 5 ലെ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിന് അനസ്തെറ്റിസ്റ്റിനെ മാത്രം പ്രതിസ്ഥാനത്ത് നിർത്താൻ കഴിയില്ല എന്നും ഡോ.സി.എച്ച്.എസ്.മണിയ്ക്കെതിരെ കുറ്റപത്രത്തിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളൊന്നും അന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്നും അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒപ്പം അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ subject expert ആയ എറണാകുളം ഇ.എസ്.ഐ ആശുപത്രിയിലെ അനസ്തേഷ്യോളജിസ്റ്റ് ഡോ.ജോവാൻ കരേൻ മെയ്ൻ ന്റെ റിപ്പോർട്ടും ആധാരാമാക്കിയെടുത്തിട്ടുണ്ട്. ടി റിപ്പോർട്ടിലും ഡോ.സി.എച്ച്.എസ് മണിയ്ക്കെതിരായ ആരോപണങ്ങൾ ശരിയല്ലായെന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ടി വ്യക്തിയ്ക്കെതിരെ പരാതി നൽകിയ ഇ.എസ്.ഐ ഗുണഭോക്താക്കൾ പരാതിയിൽ ഉറച്ചുനിൽക്കുന്നില്ലായെന്നും അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.സി.എച്ച്.എസ് മണിയ്ക്കെതിരെ കുറ്റപത്രത്തിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളൊന്നും അന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും അപ്പീലും നിയന്ത്രണവും) ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.സി.എച്ച്.എസ് മണിയ്ക്കെതിരായി തുടർന്നുവരുന്ന അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.

ഡോ:സി.എച്ച്.എസ്.മണി, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by [illegible]ISH KUMAR A
Date: 2020.06.[illegible] 10:33:50 IST
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

<u>**മേലെഴുത്ത് കത്ത് നം. ഡി-8690/2018/ഡിഐഎംഎസ് തീയതി 24.06.2020**</u>

ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി

To,

1. The Regional Deputy Director, Insurance Medical Services, South Zone, Kollam.
2. The Insurance Medical Officer, ESI Dispensary, Neyyattinkara.

Copy to

1. The Superintendent, ESI Hospital, Peroorkada.
2. EI Seat / E6 Seat.
3. Website.
4. File/Stock File.